# ഉയിർപ്പുകാലം
## വചന വിചിന്തനം
### ഉയിർപ്പുകാലം ഒന്നാം ഞായർ
യോഹ 20,1-18

"അവൻ ഇവിടെയില്ല;
താൻ അരുളിച്ചെയ്തതുപോലെ അവൻ ഉയിർപ്പിക്കപ്പെട്ടു. (മത്താ 28,1 9)"
മരണം ജീവനെ തൊഴുതുനിൽക്കുന്ന,
അടയ്ക്കപ്പെട്ട കല്ലറകൾ തുറക്കപ്പെടുന്ന,
മൂടി വച്ച സത്യങ്ങൾ മൂടി തുറന്ന് പുറത്തുവരുമെന്ന
ഓർമ്മപ്പെടുത്തലാണ് ഈസ്റ്റർ!

ഉത്ഥിതനായ ക്രിസ്തു ശിഷ്യൻമാർക്ക് സമാധാനം നൽകിയത് അവരെ ധൈര്യപ്പെടുത്തുന്നതിനു വേണ്ടിയാണ്. സമാധാനം ധൈര്യത്തിലേയ്ക്ക് നയിക്കും!

"മരണത്തിൽനിന്ന് മരണമില്ലായ്ക്ക് നയിക്കണമേ..." എന്നുള്ള മനുഷ്യകുലത്തിന്റെ പ്രാർത്ഥനയ്ക്ക് ഉത്തരമായി മരണത്തെ ജയിച്ച് ഉത്ഥാനം ചെയ്ത് മരണമില്ലായ്മ യാഥാർത്ഥ്യമാണെന്ന് കാണിച്ച് തന്നവനാണ് ക്രിസ്തു. ആ ക്രിസ്തു മരണത്തെ ജയിച്ച തിന്റെ ഓർമ്മയാചരിക്കുന്ന ദിനമാണ് ഈസ്റ്റർ ദിനം. ചുരുക്കത്തിൽ, ഈസ്റ്റർ ദിനം ഓർക്കു ന്നത്, "മരണത്തിനും മരണമുണ്ട്" എന്നതിന്റെ പേരിലാണ്. എങ്കിൽ, ഒന്നുറപ്പാണ്; മരണ ത്തിനും മരണമുണ്ട് എന്ന് ഈസ്റ്റർ ഓർപ്പെടുത്തുന്നുണ്ടെങ്കിൽ ഇതിനോട് ചേർത്തുവ യ്ക്കാനുന്ന സമവാക്യം കണ്ണുനീർ പുഞ്ചിരിക്ക് വഴിമാറും എന്നുള്ളതാണ്. ജീവിത ത്തിലെ ഒരു സങ്കടങ്ങളും അതിൽ തന്നെ അവസാനിക്കുന്നതിനു വേണ്ടിയുള്ളതല്ല. മറിച്ച്, സങ്കടങ്ങളെല്ലാം സന്തോഷമായി മാറ്റപ്പെടേണ്ടിയിരിക്കുന്നു.

സഹനങ്ങളുടെ സങ്കടങ്ങളിൽ നിന്ന് ഉത്ഥാനത്തിന്റെ ഉണർവ് സ്വന്തമാക്കാൻ നാം ചെയ്യേണ്ടത് ക്രിസ്തുവിനെപ്പോലെ സഹനങ്ങളെ പ്രത്യാശയോടെ നോക്കുക എന്നുള ളതാണ്. ഒരു വ്യക്തിയുടെ ജീവിതത്തിൽ അനുഭവിക്കാവുന്ന മുഴുവൻ സഹനങ്ങളും ഏറ്റെടുത്തുകൊണ്ടാണ് ക്രിസ്തു ഈ ലോകത്തോടെ യാത്ര പറഞ്ഞത്. ഇത്രമാത്രം സഹനങ്ങൾ തന്റെ ജീവിതത്തിലേയ്ക്ക് കടന്നുവന്നിട്ടും പരാതിയും പരിഭവവും കൂടാതെ പിതാവായ ദൈവത്തിലുള്ള ആശ്രയത്തോടെ സ്വീകരിച്ചു. അത് ക്രിസ്തുവിന് രക്ഷയ്ക്ക് കാരണമായി. എങ്കിൽ, സഹനങ്ങളെ സന്തോഷമാക്കി മാറ്റാനും, സങ്കടങ്ങളെ രക്ഷ യ്ക്കുള്ള ഉപകരണമാക്കി മാറ്റാനും നാം ചെയ്യേണ്ടത് ദൈവാശ്രയബോധത്തോടെ സഹ നങ്ങളെ സ്വന്തമാക്കുക എന്നുള്ളതുമാത്രമാണ്. ഇതിനുസാധിക്കുന്നുണ്ടെങ്കിൽ, ഉറപ്പാ ണ്, സഹനങ്ങളുടെ സങ്കടങ്ങളിൽ നിന്ന് ഉത്ഥാനത്തിന്റെ ഉണർവ് സ്വന്തമാക്കാൻ നമുക്ക് സാധിക്കും.

ആഴ്ചയുടെ ഒന്നാം ദിവസം അതിരാവിലെ ഇരുട്ടായിരിക്കുമ്പോൾത്തന്നെ മഗ്ദലേനമറിയം ശവകുടീരത്തിൻെറ സമീപത്തേക്കു വന്നു. ശവകുടീരത്തിലെത്തിയ മറിയം കണ്ട കാഴ്ച്ച് അൽഭുതകരമായിരുന്നു; "ശവകുടീരത്തിൻെറ കല്ലു മാറ്റപ്പെട്ടിരിക്കുന്നു." ഭയവിഹ്വലയായ മറിയം ഉടനെ ഓടി ശിമയോൻ പത്രോസിൻെറയും യേശു സ്നേഹിച്ചിരുന്ന മറ്റേ ശിഷ്യൻെറയും അടുത്തെത്തി പറഞ്ഞു:

"കർത്താവിനെ അവർ കല്ലറയിൽനിന്നു മാറ്റിയിരിക്കുന്നു."

ഇതു കേട്ട ശിഷ്യപ്രമുഖനും യോഹന്നാനും കല്ലറയിലേയ്ക്ക് ഓടി, അവിടം പ്രവേ ശിച്ച് പരിശോധിച്ചു. ഇതേതുടർന്ന് നിരാശരായി അവർ വീട്ടിലേയ്ക്ക് തിരിച്ച് പോയി. പക്ഷെ, മറിയം അപ്പോഴും കരഞ്ഞുകൊണ്ട് കല്ലറയിങ്കൽ നിന്നു. അവസാനം, ക്രിസ്തു തന്നെ തന്നെ അനാവരണം ചെയ്യുകയാണ്. അവൾ കുനിഞ്ഞ് കല്ലറയിലേയ്ക്ക് നോക്കിയപ്പോൾ

*തിബേരിയൂസിന്റെ തീരം കാത്തുനിൽക്കുന്ന കർത്താവിന്റെ ചിത്രം സമ്മാനിക്കുന്നു. എനിക്കായ് കാത്തു നിൽക്കുന്ന കർത്താവ്...*

വെള്ളവസ്ത്രം ധരിച്ച രണ്ടു ദൂതൻമാർ യേശുവിൻെറ ശരീരം വച്ചിരുന്നിടത്ത്, ഒരുവൻ തലയ്ക്കലും ഇതരൻ കാൽക്കലുമായി ഇരിക്കുന്നതായി കണ്ടു. അവർ മറിയത്തോടു ചോദിച്ചു:

"സ്ത്രീയേ, എന്തിനാണു നീ കരയുന്നത്?"

മറിയം പറഞ്ഞു: "എൻെറ കർത്താവിനെ അവർ എടുത്തുകൊണ്ടുപോയി; അവർ അവനെ എവിടെയാണു വച്ചിരിക്കുന്നത് എന്ന് എനിക്കറിഞ്ഞുകൂടാ."

ലോകത്തിൽ അദ്യമായും അവസാനമായും "കർത്താവിനെ നഷ്ടപ്പെട്ടതിന്റെ പേരിൽ കരയുന്ന സ്ത്രീ മറിയമായിരിക്കും." ഈ ലോകത്ത് നഷ്ടങ്ങളുടെ വിലയറിയുന്നവരാണ് നാം. എന്നിട്ടും, ക്രിസ്തുവിനെ നഷ്ടപ്പെട്ടതിന്റെ പേരിൽ ഒരിക്കൽപ്പോലും കരയാൻ നമുക്ക് സാധിച്ചിട്ടില്ല. എന്തിനേറെ, ക്രിസ്തു നഷ്ടപ്പെട്ടതുപ്പോലും തിരിച്ചറിയാൻ നമുക്ക് സാധിച്ചിട്ടില്ല. ക്രിസ്തു നഷ്ടപ്പെട്ടതിനെയോർത്ത് കണ്ണുനീർവാർക്കണമെങ്കിൽ, ആദ്യമെ ക്രിസ്തു നഷ്ടപ്പെടുന്നത് തിരിച്ചറിയാൻ സാധിക്കണം. ആരുമില്ലെങ്കിലും ഒന്നുമില്ലെങ്കിലും ക്രിസ്തുവുണ്ടെങ്കിൽ എല്ലാമായി എന്നുതിരിച്ചറിയുന്നവർക്കുമാത്രമാണ് ക്രിസ്തുവിന്റെ നഷ്ടം നഷ്ടമായി തോന്നുകയൊള്ളു. വചനം പറയുന്നതുപ്പോലെ;

"ഒരുവൻ ലോകം മുഴുവൻ നേടിയാലും സ്വന്തം ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ അവന് എന്തു പ്രയോജനം? ഒരുവൻ സ്വന്തം ആത്മാവിനുപകരമായി എന്തു കൊടുക്കും?" (മത്താ 16:26).

"ഒരുവൻ ലോകം മുഴുവൻ നേടിയാലും തന്നെത്തന്നെ നഷ്ടപ്പെടുത്തുകയോ നശിപ്പിക്കുകയോ ചെയ്താൽ അവന് എന്തു പ്രയോജനം?" (ലൂക്കാ 9:25).

എങ്കിൽ, ക്രിസ്തുവിനെ സ്വന്തമാക്കുക. അതുവഴിയായ് ആത്മാവിനെ നേടുക. അത് അനുഗ്രഹങ്ങൾക്ക് കാരണമാകും. രണ്ടാമതായ്, തന്നോട് സഹതപിക്കുന്നവരുടെ അടുത്ത് മറിയം പറയുന്നത് ഇപ്രകാരമാണ്;

"<u>എൻെറ</u> കർത്താവിനെ അവർ എടുത്തുകൊണ്ടുപോയി; അവർ അവനെ എവിടെയാണു വച്ചിരിക്കുന്നത് എന്ന് എനിക്കറിഞ്ഞുകൂടാ."

കർത്താവ് ആരുടെതാണ് എന്ന് ചോദിച്ചാൽ മറിയത്തിന് ഉത്തരമുണ്ട്; അവൻ എന്റെതാണ്. എങ്കിൽ, അവൾ കരയുന്നതിന്റെയും കാരണം ഇത് തന്നെയാണ്. തനിക്ക് സ്വന്തമായുണ്ടായിരുന്ന കർത്താവിനെ ആരോ മോഷ്ടിച്ചിരിക്കുന്നു. ആരോ എടുത്തുകൊണ്ടുപോയിരിക്കുന്നു. ഇന്ന് നമ്മുടെ പരാജയത്തിനുള്ള പ്രധാന കാരണം, കർത്താവിനെ സ്വന്തമാക്കുന്നതിൽ നാം തോറ്റുപോകുന്നു. കർത്താവ് എനിക്ക് സ്വന്തമാണ്... ഞാൻ കർത്താവിന് സ്വന്തമാണ് എന്നുള്ള തിരിച്ചറിവുള്ളവർക്കുമാത്രമാണ് കർത്താവ് നഷ്ടപ്പെടുമ്പോൾ കണ്ണുനീർ വാർക്കാൻ സാധിക്കുക. അമ്മയെ കാണാതെയാകുമ്പോൾ കുഞ്ഞുങ്ങൾ വിതുമ്പികരയുന്നതിന്റെയും കാരണം ഇതുതന്നെയാണ്...

മരണത്തെ ജയിച്ച് ഉത്ഥാനം ചെയ്ത മിശിഹാ ഈസ്റ്റർ ദിനത്തിൽ പങ്കുവയ്ക്കുന്നത് പ്രത്യാശയുടെ ഉത്സവത്തെ കുറിച്ചാണ്. ജീവിതത്തെ പ്രത്യാശയോടെ നോക്കുന്നവർക്ക് കരയുവാനുള്ള ദിനമല്ല ദുഃഖവെള്ളിയും ഈസ്റ്റർ ദിനങ്ങളും. മറിച്ച്, പ്രാർത്ഥിച്ചു ശക്തരാകുന്നതിനുള്ള ദിനങ്ങളാണ്. കാരണം, മരണത്തെ ജയിച്ചവനാണ് എന്റെ ദൈവം! ദുഃഖങ്ങളെ സന്തോഷങ്ങളായി മാറ്റിയവനാണ് എന്ന പരിപാലിക്കുന്നവൻ! സഹനങ്ങളിൽ പ്രത്യാശയുടെ സന്തുലനം കരകതമാക്കിയവനാണ് എന്നെ പോറ്റുന്നവൻ! ഈ ബോദ്ധ്യമുള്ളവർക്ക് ഈസ്റ്റർ പ്രത്യാശയുടെ, പ്രതീക്ഷയുടെ ഉത്സവം തന്നെയാണ്.

ഹോട്ടലുടമയും ഹോട്ടലിൽ തൂപ്പുകാരനായി ജോലി ചെയ്യുന്ന തൊഴിലാളിയും തമ്മിലുള്ള ഒരു സംഭാഷണം.

"മുപ്പതു വർഷമായി ഞാനീ ഹോട്ടലിൽ ജോലി ചെയ്യുന്നു. ഈ കാലയളവിൽ നിങ്ങളെനിക്കു കൂട്ടിത്ത ശമ്പളം വെറും രണ്ടായിരം രൂപ! ഇതാരോടെങ്കിലും പറയാൻ പറ്റുമോ മുതലാളീ?"

"എന്താ നിന്റെ പ്രശ്നം? ഒന്നു തെളിച്ചു പറയൂ?"

"ഞാനിവിടെ ആദ്യമായി ജോലിയിൽ കയറുമ്പോൾ ഇതൊരു ചെറിയ ചായ മക്കാനി മാത്രമായിരുന്നു ഇത്. ഇപ്പോൾ ടൂറിസ്റ്റുകൾ നിരന്തരം കയറിയിറങ്ങുന്ന വലിയ റെസ്റ്റോറന്റായി... എന്നിട്ടും മാന്യമായ ഒരു ശമ്പളം നൽകാൻ നിങ്ങൾക്കായിട്ടില്ല. എന്റെ ശേഷം വന്ന എത്ര ആളുകൾക്ക് നിങ്ങൾ ശമ്പളം കൂട്ടിക്കൊടുത്തു. സീനിയോരിറ്റിക്ക് ചെറിയൊരു പരിഗണനയെങ്കിലും നൽകേണ്ടതല്ലേ?"

"ഓഹോ, അപ്പോൾ അതാണു വിഷയം... എങ്കിൽ, ഞാനൊരു കാര്യം ചോദിച്ചോട്ടെ."

"ചോദിക്കുന്നതിനു കുഴപ്പമില്ല. പക്ഷേ, എന്റെ ആവശ്യം നിറവേറ്റിത്തരണം..."

"നിറവേറ്റിത്തരാം. അതിനു മുൻപ് എനിക്കൊന്ന് ചോദിക്കാനുണ്ട്. നിങ്ങൾക്കെന്നെങ്കിലും ഈ ഹോട്ടൽ സ്വന്തമാക്കാൻ ആഗ്രഹിച്ചിരുന്നോ? സ്വപ്നത്തിലെങ്കിലും?"

"ഈ ഹോട്ടൽ സ്വന്തമാക്കുകയോ? നിങ്ങളെന്താ ഈ പറയുന്നത്?"

"ഒരു ഹോട്ടലുടമയാകാൻ മോഹിക്കുകയെങ്കിലും ചെയ്തിരുന്നോ?"

"ഞാനെങ്ങനെയാ ഒരു ഹോട്ടലുടമയാവുക? ഞാനൊരു തൂപ്പുകാരനല്ലേ. അതല്ലേ എന്റെ ജോലി?"

"ഇതുതയൊണ് നിന്റെ പ്രശ്നം. മുപ്പതുവർഷം മുൻപ് നീ എവിടെയായിരുന്നോ അവിടെ തന്നെയാണ് നീ ഇപ്പോഴുമുള്ളത്? ഈ തൂപ്പുജോലിയിൽ നിന്നു മാറി ഉയർന്ന് വല്ല തസ്തികയും സ്വപ്നം കാണാൻ ഇത്രയും കാലമായിട്ട് നിനക്കായില്ല! പിന്നെ എങ്ങനെയാണ് ശമ്പളം കൂട്ടിക്കിട്ടുക.? നിന്നിടത്തുതന്നെ നിന്നാൽ വളർച്ചയുണ്ടാകുമോ? വളർച്ചയുണ്ടെങ്കിലല്ലേ നേട്ടങ്ങളുമുണ്ടാവൂ..."

ജീവിതത്തെ പ്രത്യാശയോടെ നോക്കാത്തതിന്റെ ഫലമാണിത്. ജീവിതത്തെ പ്രത്യാശയോടെ നോക്കുന്നവരുടെ ജീവിതത്തിൽ നവീകരണങ്ങൾ സംഭവിച്ചുകൊണ്ടിരിക്കും. അത് നേട്ടങ്ങൾക്ക് കാരണമാകും. ജീവിതം വിജയിക്കാനാവശ്യമായ ചേരുവകകളിൽ ഏറ്റവും പ്രധാനപ്പെട്ടത് പ്രത്യാശയും പ്രതീക്ഷയും തന്നെയാണ്. പ്രത്യാശയും പ്രതീക്ഷയും നശിക്കുന്ന ഇടം പരാജയങ്ങളുടെ ഇടമാണ്. നിൽക്കുന്ന ഇടങ്ങളിൽ നിന്ന് ഉയരണമെന്ന് ആഗ്രഹക്കുന്നുണ്ടെങ്കിൽ, ഇന്നലെവരെ എന്റെ അപ്പന്റെ പേര് എനിക്ക് വിലാസമായി വാലയായി നിന്നിരുന്നെങ്കിൽ ഇന്നുമുതൽ എന്നിലൂടെ എന്റെ പ്രിയപ്പെട്ടവർ അറിയപ്പെടണമെന്ന് ആഗ്രഹക്കുന്നവർ ചെയ്യേണ്ട വലിയ കാര്യം പ്രത്യാശയെയും പ്രതീക്ഷയേയും സമം ചേർത്ത് ജീവിതത്തിലിടുക.

ദുഃഖവെള്ളിയുടെ സഹനങ്ങളിൽ, സങ്കടങ്ങളിൽ അവസാനിക്കാനുള്ളതല്ല ജീവിതം എന്ന് തിരിച്ചറിയുക. ദുഃഖവെള്ളിയെ തമസ്ക്കരിച്ച് ഈസ്റ്ററിന്റെ സന്തോഷം സ്വന്തമാക്കാൻ സാധിക്കില്ലെന്നും, ഒപ്പം, ദുഃഖവെള്ളിയുടെ സഹനങ്ങളിലും സങ്കടങ്ങളിലും ഇടറിപ്പോകാതെ സംയമനത്തോടെ പ്രത്യാശയോടെ പ്രതീക്ഷയോടെ ജീവിത്തെ നോക്കി കാണുന്നവരുടെ ജീവിത്തിൽ ഈസ്റ്ററിന്റെ അൽഭുതങ്ങൾ അരങ്ങേറുമെന്ന് തിരിച്ചറിയുക.

***"പകലിന്റെ മക്കളായ നമുക്കു***
***വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും കവചവും***
***രക്ഷയുടെ പ്രത്യാശയാകുന്ന പടത്തൊപ്പിയും ധരിച്ചു***
***സുബോധമുള്ളവരായിരിക്കാം."***

1 തെസ 5,6

---

ഫാ. ജോബി മേനോത്ത്
+91 9447777931

ഉയിർപ്പിന്റെ നൽകുന്ന ആശംസ; സമാധാനമാണ്... ഉയിർപ്പിനെ അനുഭവിക്കുന്നവർ സമ്മാനിക്കേണ്ട ആശംസയും ഇത് തന്നെയാണ്...